# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1598

11.02.2013-ൽ മറുപടി
നൽകേണ്ടിയിരുന്നത്

## പരസ്യനികുതികൾ പിരിച്ചെടുക്കാത്തതിനാൽ നഗരസഭകൾക്കുണ്ടാകുന്ന നഷ്ടം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബാബു എം.പാലിശ്ശേരി | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ നഗരസഭാ അതിർത്തിക്കുള്ളിൽ യഥാസമയം പരസ്യ നികുതി പിരിക്കാത്തതിനാലും പരസ്യ ബോർഡുകളുടെ തറ വാടകയും വാടകയിന്മേലുള്ള സേവന നികുതിയും ഈടാക്കാത്തതിനാലും നഗരസഭകളുടെ തനതു ഫണ്ടിൽ ഗണ്യമായ കുറവു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) തൃക്കാക്കര, കൊച്ചി, പൊന്നാനി, കണ്ണൂർ എന്നീ നഗരസഭകളിൽ പരസ്യ നികുതി യഥാസമയം ഈടാക്കാത്ത തിനാൽ തനത് ഫണ്ടിൽ ഗണ്യമായ കുറവ് വരുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. |
| ബി) നഗരസഭയ്ക്കുതന്നെ പരസ്യ നികുതി കൾ പിരിച്ചെടുക്കാമെന്നിരിക്കെ ലഭ്യമാകാനിടയുള്ള നികുതി തുകയേക്കാൾ ചെറിയതുകയ്ക്ക് നികുതി പിരിക്കാനുള്ള കരാർ കൊടുക്കുന്നതുമൂലം നഗരസഭകൾക്കുണ്ടാകുന്ന നഷ്ടം കണക്കാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ? | ബി) കണ്ണൂർ നഗരസഭയിൽ മാത്രമേ നഷ്ടം കണക്കാക്കിയിട്ടുള്ളൂ. ചില നഗരസഭകൾ പരസ്യ നികുതി പിരിച്ചെടുക്കുന്നതിന് മതിയായ ജീവനക്കാരില്ലാത്തതിനാൽ കൗൺസിൽ തീരുമാന പ്രകാരം കൂടുതൽ തുക ലഭിക്കുന്നതിനാൽ ലേലം / ടെണ്ടർ ചെയ്ത് വരുന്നു. മറ്റ് നഗരസഭകൾ പരസ്യ നികുതി നേരിട്ട് പിരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ